

യാത്ര

■ ഇസ്രയേൽ നിർമിച്ച 'സുരക്ഷാ മതിൽ'

# ഫലസ്ത്വീനിൽ മൂന്നു നാൾ

മുഹമ്മദ് കുട്ടി ചേന്ദമംഗല്ലൂർ

നേരം ഉച്ചയോടടുത്തിട്ടും ഒരു ഹർത്താൽ ദിവസം പോലെ ശാന്തമൂകമായി ഉറങ്ങുകയായിരുന്നു ഹിബ്രോൺ നഗരം. ഇബ്റാഹീം മസ്ജിദിന്റെ തൊട്ടടുത്ത സ്കൂളിന്റെ ബോർഡ് വെച്ച ഒരു ഗെയ്റ്റിന് പിറകിൽനിന്ന് കുട്ടികളുടെ ആരവം കേൾക്കുന്നുണ്ട്. ഗെയ്റ്റ് പുറത്തുനിന്ന് പൂട്ടിയിരിക്കുന്നു. അധ്യയനസമയം കഴിഞ്ഞ ശേഷം പട്ടാളക്കാർ തുറന്നു കൊടുക്കുമ്പോൾ മാത്രമേ കുട്ടികൾക്ക് പുറത്തു കടക്കാൻ കഴിയൂ.

**2009** ഏപ്രിൽ 6 ശനി. ഫലസ്ത്വീൻ നഗരമായ ജറീകോവിൽനിന്ന് ജറൂസലം വഴി ഞങ്ങൾ കയറിയ ടൂറിസ്റ്റ് ബസ്സ് ബത്‌ലഹേം ലക്ഷ്യമാക്കി അതിവേഗത്തിൽ ഓടുകയാണ്. റോഡിന്റെ ഇരുവശങ്ങളിലും പച്ചവിടർത്തി നിൽക്കുന്ന ഒലീവ് മരങ്ങളും ട്രിമ്മിംഗ് കഴിഞ്ഞ മുന്തിരി വള്ളികളും. പിറകോട്ട് പായുമ്പോഴും മനസ്സ് ഫലസ്ത്വീനികളെക്കുറിച്ച് വായിച്ചും പറഞ്ഞും കേട്ട യാതനാപൂർണമായ അനുഭവങ്ങൾ ഓർത്തെടുക്കുകയായിരുന്നു.

ഇസ്രയേൽ - ഫലസ്ത്വീൻ പ്രദേശങ്ങളടക്കമുള്ള ഒരു പഠനയാത്രക്ക് ഒരുക്കങ്ങൾ തുടങ്ങിയപ്പോൾ തന്നെ ഇസ്രയേലിലേക്കുള്ള പ്രവേശനം ഭീതിനിറഞ്ഞ ഒരാശങ്കയായി മനസ്സിനെ അലോസരപ്പെടുത്തിയിരുന്നു. അത്രക്ക് അധാർമികവും നൈതികതയെ പടിക്ക് പുറത്ത് നിർത്തിയുമുള്ള നടപടികളാണല്ലോ ആ മധ്യപൗരസ്ത്യദേശത്തുനിന്ന് കേട്ടുകൊണ്ടിരിക്കുന്നത്. യാത്രാ സംബന്ധമായി സംഘാടകർ വിളിച്ചുചേർത്ത ആദ്യയോഗത്തിൽതന്നെ ഇസ്രയേൽ അതിർത്തിയിലും അകത്തും പാലിക്കേണ്ട മര്യാദകളും ശ്രദ്ധിക്കേണ്ട നിയമങ്ങളും വിശദമാക്കിയിരുന്നു. കരിപ്പൂർ വിമാനത്താവളത്തിൽനിന്ന് യാത്ര തുടങ്ങി ബഹ്റൈൻ എയർപോർട്ടിലെ വിശ്രമവേള

യിലും ഡമസ്കസിലെ ഹോട്ടൽ മുറിയിലും ജോർദാനിൽ അമ്മാൻ നഗരപ്രദക്ഷിണ സമയത്തുമെല്ലാം യാത്രാ കോർഡിനേറ്റർ ഓർമിപ്പിച്ചുകൊണ്ടിരുന്നതും അതുതന്നെയായിരുന്നു. ജോർദാൻ-ഇസ്രയേൽ അതിർത്തിയിൽ ഉണ്ടായ അനുഭവം ഞങ്ങളെ കൂടുതൽ ആശങ്കയിലകപ്പെടുത്തുകയും ചെയ്തിരുന്നു. യാത്രാ സംഘത്തിലുണ്ടായിരുന്ന നാൽപതിൽ താഴെ പ്രായമുള്ളവരെക്കുറിച്ച് ഏഴു മണിക്കൂർ നീണ്ടുനിന്ന അന്വേഷണത്തിനും ചോദ്യം ചെയ്യലിനും ശേഷമാണ് ജസ്ർ അലിബി എന്ന അതിർത്തി പ്രദേശത്തുനിന്ന് ഞങ്ങൾക്ക് മുന്നോട്ടു നീങ്ങാനായത്. അതുകൊണ്ടുതന്നെ നേരത്തെ മറ്റു രാഷ്ട്രങ്ങൾ സന്ദർശിച്ചപ്പോൾ അനുഭവപ്പെട്ട സന്തോഷം കുറഞ്ഞുതുടങ്ങിയിരുന്നു. എമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കിയ സംഘത്തിലെ മറ്റുള്ളവർ കൈയിലുണ്ടായിരുന്ന കുപ്പിവെള്ളം കുടിച്ചും പലഹാരങ്ങൾ കഴിച്ചും ബസ്സിൽ മുഷിഞ്ഞിരുന്നു. ഞങ്ങൾ എത്തുന്നതിനു മുമ്പെ അയ്മൻ ഞങ്ങളെ കാത്ത് ബസ്സിനടുത്ത് നിൽപുണ്ടായിരുന്നു. മൂന്നു ദിവസത്തെ ഫലസ്ത്വീൻ സന്ദർശനത്തിന് ഞങ്ങളെ സഹായിക്കാൻ ടൂറിസ്റ്റ് കമ്പനി നിയമിച്ച ഗൈഡായിരുന്നു തലയിൽ നരകയറിത്തുടങ്ങിയ ആ ഫലസ്ത്വീൻ യുവാവ്.

ബസ്സിൽ മുൻ സീറ്റിൽ ഗൈഡിനടുത്തായിരുന്നു എന്റെ ഇരിപ്പിടം. അതിർത്തിയിൽനിന്ന് ജറീക്കോവിലേക്കായിരുന്നു ആദ്യം നീങ്ങിയത്. ഗൈഡിനോട് ഫലസ്ത്വീനെക്കുറിച്ച് ചോദിക്കാനുള്ള ഒരുപാട് ചോദ്യങ്ങൾ മനസ്സിൽ കരുതിവെച്ചിരുന്നു. പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന ഫലസ്ത്വീൻ അഭയാർഥിക്യാമ്പുകൾ കണ്ടുകൊണ്ടാണ് യാത്ര. നൂറു കണക്കിന് വീടുകൾ ആളൊഴിഞ്ഞ് കിടക്കുന്നു. ചുമരുകളിൽ വെടിപ്പാടുകൾ വ്യക്തമായി കാണാം. ജനലുകളും വാതിലുകളും പൊളിഞ്ഞ് തൂങ്ങിക്കിടക്കുന്നു. ഇതിലെ താമസക്കാരൊക്കെയും ജോർദാനിലേക്കും മറ്റു അയൽ രാജ്യങ്ങളിലേക്കും രക്ഷപ്പെട്ടിരിക്കുകയാണെന്ന് അയ്മൻ പറഞ്ഞു. ഇസ്രയേലീ ആക്രമണത്തിൽ കുടുംബമൊന്നിച്ച് മരണപ്പെട്ടവരുമുണ്ടായിരുന്നു.

സുഗന്ധങ്ങളുടെ ഇടം എന്നർഥം വരുന്ന ജറീക്കോ വിവിധതരം പഴവർഗങ്ങളുടെ നാടാണ്. ആപ്പിൾ, മുന്തിരി, അത്തിപ്പഴം തുടങ്ങിയവയും ഒലീവും സമൃദ്ധമായി വളരുന്ന പ്രദേശം. വാഴത്തോട്ടങ്ങളും ധാരാളം കാണാനുണ്ട്.



■ ജറൂസലം

വൻകിട വ്യാപാരികൾ തുടങ്ങി റിട്ടയേർഡ് ഡി.ഐ.ജി വരെയുള്ളവർ അച്ചടക്കത്തിന്റെ ബാലപാഠം ഏറ്റുചൊല്ലി ഇവരുടെ മുമ്പിൽ മൗനികളായി നിന്നു. നിഷ്കളങ്കരായ പിഞ്ചു കുഞ്ഞുങ്ങളുടെ നേരെ പോലും നിറയൊഴിക്കുന്ന, മൃഗീയത അലങ്കാരമായി കരുതുന്ന ഒരു വിഭാഗത്തിന് എന്തെല്ലാം ചെയ്തു കൂടാ!

ഇന്ന് ജറീക്കോ ഒരു തുറന്ന ജയിലാണെന്ന് അയ്മൻ വിശദീകരിച്ചു. ഈ പ്രദേശത്തുനിന്ന് വൈദ്യുത കമ്പിവേലി കൊണ്ട് അതിരിട്ടിരിക്കുന്നു. വെള്ളത്തിനും വെളിച്ചത്തിനും തെൽഅവീവ് കനിയണം. ഒരു ജനതയെ കിരാത നടപടികളിലൂടെ തങ്ങളുടെ വരുതിയിൽ നിർത്തുന്ന ജൂതതന്ത്രം!

ജറൂസലം നഗരത്തോടടുക്കുമ്പോൾ കാണാൻ പോകുന്ന 'വൻമതിലി'നെക്കുറിച്ച് ഗൈഡ് നേരത്തേ വിവരിച്ചു തന്നിരുന്നു. മൂന്നാൾ ഉയരത്തിൽ കോൺക്രീറ്റ് സ്ലാബുകൾ കൊണ്ട് നിർമിച്ചിരിക്കുന്ന പടുകൂറ്റൻ മതിൽ. അതിനുമുകളിൽ ഭദ്രമായ കമ്പിവേലിയും. ഒരു നഗരത്തിലെ ലക്ഷക്കണക്കിന് ജനങ്ങളെ കൂട്ടിലിട്ട് വളർത്തുന്നതിന്റെ നേർ ചിത്രം!

ഇലക്ട്രോണിക് ചെക്ക്പോസ്റ്റുകൾ ഞങ്ങളുടെ ബസ്സിനെ ഇടക്കിടെ തടഞ്ഞു നിർത്തുന്നുണ്ടായിരുന്നു. എ.കെ 47 തോക്കുകളുമായി ഇസ്രയേലീ യുവതീ യുവാക്കൾ പോലീസ് വേഷത്തിലും അല്ലാതെയും ബസ്സിൽ കയറിയിറങ്ങി. ഇന്ത്യൻ ടൂറിസ്റ്റുകൾ മാത്രമേ ബസ്സിനകത്തുള്ളൂ എന്ന് ഉറപ്പ് വരുത്തിക്കൊണ്ടിരുന്നു. ശത്രുക്കളെയെന്ന പോലെയുള്ള അവരുടെ തീക്ഷ്ണമായ നോട്ടം അസഹ്യമായിരുന്നു. ഞങ്ങളുടെ യാത്രാ സംഘത്തിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ, വൻകിട വ്യാപാരികൾ തുടങ്ങി റിട്ടയേർഡ് ഡി.ഐ.ജി വരെയുള്ളവർ അച്ചടക്കത്തിന്റെ ബാലപാഠം ഏറ്റുചൊല്ലി ഇവരുടെ മുമ്പിൽ മൗനികളായി നിന്നു. നിഷ്കളങ്കരായ പിഞ്ചു കുഞ്ഞുങ്ങളുടെ നേരെ പോലും നിറയൊഴിക്കുന്ന, മൃഗീയത അലങ്കാരമായി കരുതുന്ന ഒരു വിഭാഗത്തിന് എന്തെല്ലാം ചെയ്തു കൂടാ!

ഓരോ ചെക്ക് പോസ്റ്റ് കഴിയുമ്പോഴും ഇത് ഫലസ്ത്വീൻ പ്രദേശമാണോ ഇസ്രയേൽ പ്രദേശമാണോ എന്ന് ഞാൻ ഗൈഡിനോട് ചോദിച്ചുകൊണ്ടിരുന്നു. എന്റെ ചോദ്യങ്ങൾ അയ്മനെ അലോസരപ്പെടുത്തുന്നുണ്ടെന്ന് അദ്ദേഹത്തിന്റെ മുഖഭാവത്തിൽനിന്ന് വായിച്ചെടുക്കാമായി

രുന്നു. അൽപം ശബ്ദമുയർത്തി അയ്മൻ പറഞ്ഞുതുടങ്ങി: "ഈ പ്രദേശങ്ങളത്രയും ഫലസ്ത്വീൻ മണ്ണായിരുന്നു. പ്രവാചകന്മാരുടെ പാദസ്പർശങ്ങളേറ്റ പുണ്യഭൂമി. ഇന്ന് എല്ലാം ഇസ്രയേലിന്റെ നിയന്ത്രണത്തിലാണ്. ഇസ്രയേൽ എന്ന ജൂത രാഷ്ട്രം മാത്രമേ ഇന്നുള്ളൂ." "അപ്പോൾ ഫലസ്ത്വീൻ പ്രസിഡന്റും പ്രധാനമന്ത്രിയും മന്ത്രിമാരുമൊക്കെയുണ്ടല്ലോ. അവരുടെ ഭരണപ്രദേശങ്ങൾ എവിടെയാണ്" എന്നു ചോദിക്കാതിരിക്കാൻ എനിക്ക് കഴിഞ്ഞില്ല.

"അതൊക്കെ ചില പ്രദേശങ്ങളിൽ നിലനിൽക്കുന്ന പേരിനു മാത്രമുള്ള സംവിധാനങ്ങളാണ്. മന്ത്രിമാരെ പോലും തടവിലാക്കുകയും വെള്ളവും വെളിച്ചവും തടയുകയും ചെയ്യുന്നിടത്ത് എന്ത് ഭരണം?!" എന്നിട്ട് ഇത്ര കൂടി അയ്മൻ പറഞ്ഞു: "ഫലസ്ത്വീനികളെക്കുറിച്ച് നന്നായറിയാം എന്നാണ് നിങ്ങളുടെയൊക്കെ ധാരണ. ഞങ്ങളനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് നിങ്ങൾക്ക് ഒന്നുമറിയില്ല. ഞങ്ങൾ ശ്വസിക്കുന്ന വായു പോലും ഇസ്രയേലിന്റെ നിയന്ത്രണത്തിലാണ്." ഇത് പറയുമ്പോൾ അടക്കാനാവാത്ത രോഷവും സങ്കടവും അയ്മന്റെ കണ്ണുകളിൽ തെളിഞ്ഞുകാണാമായിരുന്നു.

പിറ്റേ ദിവസം ഹിബ്രോൺ പ്രദേശം സന്ദർശിച്ചപ്പോൾ അയ്മന്റെ കണ്ണുകളിൽ കണ്ട രോഷം ഞങ്ങളുടെ മനസ്സുകളിലേക്കും പടർന്നുകയറാൻ തുടങ്ങിയിരുന്നു. ഫലസ്ത്വീനികൾ അൽഖലീൽ അഥവാ ഹറം ഇബ്റാഹീമീ എന്നു വിളിക്കുന്ന ഈ പ്രദേശം വളരെ പവിത്രമായി കരുതുന്നവരാണ്. ഇബ്റാഹീം, യൂസുഫ്, ഇസ്ഹാഖ്, യഅ്ഖൂബ് (അ) എന്നീ നബിമാരുടെയും, ഇബ്റാഹീം നബിയുടെ പത്നി സാറ, ഇസ്ഹാഖ് നബിയുടെ പത്നി നിഫ്ഖ എന്നിവരുടെയും പാദമുദ്രകൾ പതിഞ്ഞ ഭൂമി. ഇവിടെ അതിപുരാതനമായ ഒരു പള്ളിയുണ്ട്. അതിന്റെ പകുതി ഭാഗം ജൂത ദേവാലയമാക്കി മാറ്റിയിരിക്കുന്നു.

1998ലെ റമദാനിൽ സുബ്ഹി നമസ്കാരം നടന്നുകൊണ്ടിരിക്കെ പള്ളിയിലേക്ക് കടന്നുകയറിയ ജൂതപ്പടയുടെ തോക്കുകൾ 29 ഫലസ്ത്വീൻ മുസ്‌ലിംകളുടെ ജീവൻ തട്ടിയെടുക്കുകയും നൂറുകണക്കിന് ആളുകളെ പരിക്കേൽപിക്കുകയും ചെയ്തു. ദിവസങ്ങളോളം പള്ളി അടച്ചിട്ടു. പിന്നീട് നടന്ന മധ്യസ്ഥ നാടകത്തിലൂടെ പള്ളി രണ്ടായി ഭാഗിക്കാൻ തീരുമാനിക്കപ്പെടുകയായിരുന്നു. ജൂത സിനഗോഗാക്കി മാറ്റിയ പള്ളിയുടെ ഭാഗങ്ങൾ വൃത്തിയായും അലങ്കാര പ്രൗഢികളോടെയും തലയുയർത്തി നിൽക്കുന്നു. സംരക്ഷിക്കാൻ ആളും അർഥവുമില്ലാത്ത അനാഥാവസ്ഥ വിളിച്ചോതുംവിധം മറുപാതി തലതാഴ്ത്തി കിടക്കുന്നു.

പള്ളിക്കവാടത്തിൽ ജൂതപ്പട്ടാളത്തിന്റെ കാവലുണ്ട്. അവരുടെ അനുവാദത്തോടെ മെറ്റൽ ഡിറ്റക്ടറിലൂടെ വേണം അകത്തു കടക്കാൻ. തൊണ്ണൂറ് കഴിഞ്ഞ ഒരു ഫലസ്ത്വീൻ വയോധികനാണ് പള്ളിയുടെ ചരിത്രവും 1998-ലെ സംഭവങ്ങളുമൊക്കെ ഞങ്ങൾക്ക് വിവരിച്ചുതന്നത്. ചില ദിവസങ്ങളിൽ തദ്ദേശവാസികളെപ്പോലും പള്ളിയിലേക്ക് കടത്താറില്ലത്രെ. അടുത്ത ആഴ്ചയിൽ രണ്ടു ദിവസം പള്ളിയിൽ നമസ്കാരം പാടില്ലെന്ന് ജൂതപ്പട്ടാളം നേരത്തേ അറിയിച്ചിട്ടുണ്ടെന്നും ആ വൃദ്ധൻ പറഞ്ഞു. പള്ളിയുടെ ബാക്കി ഭാഗം സിനഗോഗായി മാറുകയും പ്രവാചകപുംഗവരുടെ പാദ സ്പർശങ്ങളേറ്റ ധന്യമായ ആ പ്രദേശം പൂർണമായും ജൂതനിയന്ത്രണത്തിലാവുകയും ചെയ്യുന്ന ദിവസം ഏറെ അകലെയല്ല എന്നാണ് ജൂതകുടിലതകൾ ഒട്ടേറെ കണ്ടും സഹിച്ചും കഴിഞ്ഞ ആ വൃദ്ധന്റെ വിറയാർന്ന വാക്കുകളിൽനിന്ന് വായിച്ചെടുക്കാനായത്.

'ഒട്ടേറെ പേരുടെ ജീവനും പള്ളിയും നഷ്ടപ്പെട്ട ഒരു ഒത്തുതീർപ്പിന് നിങ്ങളെന്തിന് വഴങ്ങി' എന്ന് സംഭവ വിവരണങ്ങൾക്ക് ശേഷം അദ്ദേഹത്തോടന്വേഷിച്ചപ്പോൾ ഒറ്റു കൊടുക്കലിന്റെ സൂചന മറുപടിയിൽ ഒളിഞ്ഞു കിടക്കുന്നുണ്ടായിരുന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വാൾപോളിന്റെ പ്രശസ്തമായ വാക്കുകൾ (Every man has a price, if you are ready to pay it, you can buy him) ഓർമിപ്പിക്കും വിധം അദ്ദേഹം പറഞ്ഞു. "ചിലർക്ക് കിട്ടേണ്ടത് കിട്ടിയപ്പോൾ ഞങ്ങൾക്ക് പള്ളി നഷ്ടപ്പെട്ടു."

നേരം ഉച്ചയോടടുത്തിട്ടും ഒരു ഹർത്താൽ ദിവസം പോലെ ശാന്തമൂകമായി ഉറങ്ങുകയായിരുന്നു ഹിബ്രോൺ നഗരം. ഇബ്റാഹീം മസ്ജിദിന്റെ തൊട്ടടുത്ത സ്കൂളിന്റെ ബോർഡ് വെച്ച ഒരു ഗെയ്റ്റിന് പിറകിൽനിന്ന് കുട്ടികളുടെ ആരവം കേൾക്കുന്നുണ്ട്. ഗെയ്റ്റ് പുറത്തുനിന്ന് പൂട്ടിയിരിക്കുന്നു. അധ്യയനസമയം കഴിഞ്ഞ ശേഷം പട്ടാളക്കാർ തുറന്നു കൊടുക്കുമ്പോൾ മാത്രമേ കുട്ടികൾക്ക് പുറത്തു കടക്കാൻ കഴിയൂ.

പട്ടാള ക്യാമ്പിന് തൊട്ടടുത്തിരുന്ന് തോക്കിൻകുഴലിന് താഴെ അക്ഷരങ്ങൾ കൂട്ടിവായിക്കുന്ന പിഞ്ചോമനകളുടെ മനസ്സിൽ പകരംവീട്ടലിന്റെ കൂട്ടിക്കിഴിക്കലുകൾ കൂടി നടക്കുന്നുണ്ടാകുമല്ലോ. കല്ലുകൾ പെറുക്കിയെടുത്ത് ജൂതപ്പട്ടാളത്തിനും നെറികെട്ട ലോകക്രമത്തിനും നേരെ വലിച്ചെറിയുകയല്ലാതെ അവർക്കെന്ത് ചെയ്യാനാവും!

രണ്ടു ദിവസം കൂടി ആ പ്രദേശങ്ങളിൽ തങ്ങിയാൽ മനസ്സ് കല്ലുകൊണ്ടല്ലാത്ത ആരും ഒരു കല്ലിന് വേണ്ടി അറിയാതെ കുനിഞ്ഞുപോകും; തീർച്ച! ■